ഉത്തരം

(എ) 1960-ലെ കേരള ഭൂമി പതിവ് നിയമത്തെ അധികരിച്ചുണ്ടായ വിവിധ ഭൂമി പതിവ് ചട്ടങ്ങളും ഭൂപരിഷ്കരണ നിയമ പ്രകാരവുമാണ് ഭൂമി പതിച്ചുനൽകി വരുന്നത്. പഞ്ചായത്ത് പ്രദേശത്ത് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ പതിവ് ചട്ടങ്ങൾ പ്രകാരവും അർഹരായവർക്ക് പട്ടയം നൽകിവരുന്നു. മേൽ ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചുനൽകുന്നതിന് അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 1-1-1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറി കൃഷി ചെയ്തുവരുന്ന റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധനാ ലിസ്റ്റിൽപ്പെട്ടവർക്ക് 1993-ലെ വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ പ്രത്യേക ചട്ടങ്ങൾ പ്രകാരവും പട്ടയം നൽകിവരുന്നു.

(ബി) പട്ടയത്തിന് അർഹരായവർക്ക് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി മുഖേനയും, പട്ടയമേളകൾ സംഘടിപ്പിച്ചും പട്ടയം വിതരണം ചെയ്തുവരുന്നു.

റിവർ മാനേജ്മെന്റ് ഫണ്ട്

180 (1236) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ എത്ര തുകയാണ് ഉള്ളതെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഫണ്ട് വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ചും പ്രസ്തുത ഫണ്ടിലേക്ക് മുതൽക്കൂട്ടിയ തുകയുടെ ചെക്കുകൾ (റിവാലിഡേറ്റ് ചെയ്യാതെ) നഷ്ടപ്പെടുത്തിയത് സംബന്ധിച്ചും വിജിലൻസ് വകുപ്പും റവന്യൂ വകുപ്പും വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഈ റിപ്പോർട്ടിലെ വിശദാംശങ്ങൾ പകർപ്പു സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 2014 നവംബർ 27 വരെ റിവർ മാനേജ്മെന്റ് ഫണ്ടിൽ 22,99,09,274 രൂപ നീക്കിയിരിപ്പുണ്ട്.

(ബി) വിജിലൻസ് വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ട്. എന്നാൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly